കോളേജുകൾക്കായി ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റ് രൂപീകരിച്ചു. സിദ്ധ, യുനാനി വൈദ്യശാസ്ത്ര മേഖലകളിൽ കോളേജ് തുടങ്ങുന്നതിനെക്കുറിച്ചു പഠിക്കുന്നതിന് ഒരു സ്പെഷ്യൽ ആഫീസറെ നിയമിക്കുകയും ടി ആഫീസറുടെ റിപ്പോർട്ട് ലഭിക്കുകയും ചെയ്തു. ആയത് പരിശോധിച്ചു വരുന്നു.

(ഡി&ഇ) ആയുർവേദമേഖലയ്ക്ക് പ്രത്യേക ഡ്രഗ്സ് കൺട്രോൾ വിഭാഗം വേണമെന്ന ആവശ്യം തൽക്കാലം പരിഗണനയിലില്ല.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

മന്ത്രിമാരുടെ വിമാനയാത്ര

1 (1) ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള മന്ത്രിസഭയിൽ മുഖ്യമന്ത്രിയുൾപ്പെടെ ഓരോ മന്ത്രിമാരും എത്ര പ്രാവശ്യം വിമാനയാത്ര നടത്തിയിട്ടുണ്ട് ;

(ബി) ഇന്ത്യയിൽ നിന്ന് വിദേശത്തേയ്ക്ക് പോകുവാനും വിദേശ രാജ്യങ്ങളിൽ നിന്ന് ഇന്ത്യയിൽ വരുവാനും മുഖ്യമന്ത്രിയുൾപ്പെടെ ഓരോ മന്ത്രിയും എത്ര പ്രാവശ്യം വീതം വിമാനയാത്ര നടത്തിയിട്ടുണ്ട് ;

(സി) തിരുവനന്തപുരത്ത് നിന്നുമോ, സംസ്ഥാനത്തിന്റെ മറ്റ് വിമാനത്താവളങ്ങളിൽ നിന്നുമോ ഇന്ത്യയ്ക്കകത്തുള്ള മറ്റ് സ്ഥലങ്ങളിലേക്ക് പോകാനും ഇന്ത്യയ്ക്കകത്തുള്ള വിവിധ സ്ഥലങ്ങളിൽ നിന്നും സംസ്ഥാനത്ത് എത്തിച്ചേരാനും മുഖ്യമന്ത്രിയുൾപ്പെടെ ഓരോ മന്ത്രിയും എത്ര വിമാനയാത്ര നടത്തിയിട്ടുണ്ട് ;

(ഡി) മുഖ്യമന്ത്രിയുൾപ്പെടെ നിലവിലുള്ള മന്ത്രിസഭയിലെ ഓരോ അംഗവും വിമാനയാത്രക്കുവേണ്ടി എന്തു തുക ടി.എ., ഡി.എ., ഇൻസിഡന്റൽ ചാർജ്ജ് എന്നീ ഇനങ്ങളിൽ വാങ്ങിയിട്ടുണ്ട് ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) അനുബന്ധമായി ചേർത്തിരിക്കുന്നു.†

വിദേശപര്യടനവേളയിൽ സ്വീകരിച്ച ആതിഥ്യം

2 (2) ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ മന്ത്രിസഭ അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രി ഉൾപ്പെടെയുള്ള മന്ത്രിമാരും അവരെ അനുഗമിച്ച ഉദ്യോഗസ്ഥന്മാരും വിദേശപര്യടനം നടത്തിയപ്പോൾ ഏതെല്ലാം വിദേശ ഗവൺമെന്റുകളുടെയും വിദേശ ഏജൻസികളുടെയും ആതിഥ്യം സ്വീകരിക്കുകയുണ്ടായി ;

† അനുബന്ധം - IV

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ കാലഘട്ടത്തിൽ മുഖ്യമന്ത്രിയുൾപ്പെടെയുള്ള മന്ത്രിമാർ വിദേശ പര്യടനം നടത്തിയതിന്റെ ഭാഗമായി നടത്തിയ ചർച്ചകളുടെ ഫലമായി എന്തെല്ലാം വ്യവസായങ്ങൾ സംസ്ഥാനത്ത് സ്ഥാപിക്കുന്നതിനുള്ള മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിംഗിൽ ഒപ്പുവച്ചിട്ടുണ്ട് ;

(സി) ആരെല്ലാമാണ് ഈ എം.ഒ.യു. ഒപ്പ് വച്ചിട്ടുള്ളത് ; എം.ഒ.യു. സംബന്ധിച്ച് എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചു ; ഇവയനുസരിച്ച് എത്ര വ്യവസായങ്ങൾ പുതുതായി സംസ്ഥാനത്ത് സ്ഥാപിച്ചു ; ഇവ ഏതെല്ലാം ; ഇവയിലോരോന്നിലും എത്രപേർ വീതം പണിയെടുത്തു ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

മുഖ്യമന്ത്രിയുടെ വിദേശപര്യടനംമൂലം ലഭിച്ച വിദേശസഹായം

3 (3) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ വിദേശപര്യടനംമൂലം 100 കോടി രൂപയുടെ വിദേശ സഹായം ലഭിച്ചതായി എപ്പോഴെങ്കിലും പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അങ്ങനെ ലഭിച്ച 100 കോടി രൂപയുടെ വിശദാംശം വെളിപ്പെടുത്താമോ ;

(സി) 100 കോടി രൂപ ഏത് ഗവൺമെന്റിന്റെ സഹായമാണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഏതെങ്കിലും സ്വകാര്യ കമ്പനിയുടെയോ ഏജൻസിയുടേയോ സഹായമാണെങ്കിൽ അത് ഏത് ഏജൻസിയുടേതാണെന്ന് വെളിപ്പെടുത്തുമോ ;

(ഇ) എങ്കിൽ ഈ സ്വകാര്യ ഏജൻസിക്ക് അഥവാ കമ്പനിക്ക് സംസ്ഥാന ഗവൺമെന്റുമായി കരാറിടപാടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ മൊത്തം എത്ര കോടിയുടെ കരാറിടപാടാണ് ഉള്ളതെന്ന് വെളിപ്പെടുത്താമോ ;

(ജി) സംസ്ഥാനത്തിനുവേണ്ടി ഏതെങ്കിലും വിദേശരാജ്യത്തുനിന്നും ധനസമാഹരണം നടത്താൻ ഈ കമ്പനിയെ അധികാരപ്പെടുത്തിയിട്ടുണ്ടോ ;

(എച്ച്) ഉണ്ടെങ്കിൽ സംസ്ഥാനത്തിന്റെ പേരിൽ ഈ കമ്പനി എത്ര രൂപ വിദേശത്തുനിന്നും സമാഹരിച്ചു എന്ന വിവരം ഗവൺമെന്റിന് അറിവുണ്ടോ ;

(ഐ) ഇതേവരെ എത്ര കോടി രൂപയുടെ സഹായം ഈ കമ്പനി സംസ്ഥാനത്തിന് കൈമാറിയിട്ടുണ്ട് ;

(ജെ) അധികപണം സംസ്ഥാനത്തുനിന്നും കൈപ്പറ്റിയതിന്റെ പേരിൽ ഈ കമ്പനിക്കെതിരെ വിജിലൻസ് കേസ് എടുത്തിരുന്നുവോ ;

(കെ) ഇത് ഒരു ജീവകാരുണ്യപ്രവർത്തനം നടത്തുന്ന കമ്പനിയാണോ ; അതോ കരാർ കമ്പനിയാണോ എന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly